# പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **-2803** **21.06.2012** ൽ മറുപടിക്ക്

<u>പാലക്കാട് ജില്ലയിൽ നോൺ പ്ലാൻ ഫണ്ടിൽ നിന്നും വികസിപ്പിച്ചെടുത്ത പഞ്ചായത്ത് റോഡുകൾ</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. കെ. ബാലൻ | ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പ മന്ത്രി) |

(എ) ഈ വർഷം പാലക്കാട് ജില്ലയിൽ നോൺ പ്ലാൻ ഫണ്ടിൽ നിന്നും ഏതെല്ലാം നിയോജക മണ്ഡലങ്ങളിലെ പഞ്ചായത്ത് റോഡുകൾ വികസിപ്പിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട് ; പ്രസ്തുത നിയോജക മണ്ഡലങ്ങളുടെ പേരും അനുവദിച്ച തുകയും പറയാമോ ; തെരെഞ്ഞെടുപ്പിനുള്ള മാനദണ്ഡം എന്തായിരുന്നു ;

(എ) നിയോജക മണ്ഡലങ്ങളുടെ പേരും അനുവദിച്ച തുകയും സംബന്ധിച്ച വിശദവിവരം താഴെച്ചേർക്കുന്നു.

| | |
|---|---|
| മണ്ണാർക്കാട് | – 219 ലക്ഷം |
| ആലത്തൂർ | – 5 ലക്ഷം |
| പട്ടാമ്പി | – 15 ലക്ഷം |
| ഒറ്റപ്പാലം | – 70 ലക്ഷം |
| കോങ്ങാട് | – 48 ലക്ഷം |
| നെന്മാറ | – 5 ലക്ഷം |

റോഡിന്റെ അറ്റകുറ്റപണികളെ സംബന്ധിച്ച് ബന്ധപ്പെട്ട എക്സിക്യൂട്ടിവ് എൻജിനീയർമാരും, അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എൻജിനീയർമാരും അടങ്ങിയ ജില്ലാതല ടാസ്ക് ഫോഴ്സ് കമ്മിറ്റി വിലയിരുത്തൽ നടത്തിയതിനു ശേഷം സമർപ്പിക്കുന്ന ശിപാർശ പ്രകാരം ചീഫ് എൻജിനീയർ, ഫൈനാൻസ് ഓഫീസർ, സൂപ്രണ്ടിംഗ് എൻജിനീയർ, ഡെപ്യൂട്ടി ചീഫ് എൻജിനീയർ എന്നിവർ അടങ്ങിയ സ്റ്റേറ്റ്

...2

| | | | |
|---|---|---|---|
| | | | ലെവൽ ടാസ്ക് ഫോഴ്സ് പരിശോധിച്ച് ഭരണാനുമതി നൽകുകയാണ് ചെയ്യുന്നത്. |
| (ബി) | ജില്ലയിലെ ഏതെല്ലാം നിയോജക മണ്ഡലങ്ങൾക്കാണ് ഫണ്ട് അനുവദിക്കാതിരുന്നത്; കാരണമെന്തായിരുന്നു ; | (ബി) | റോഡുകളുടെ പട്ടികയൊന്നും തന്നെ സ്റ്റേറ്റ് ലെവൽ ടാസ്ക് ഫോഴ്സ് മുമ്പാകെ സമർപ്പിച്ചിരുന്നില്ല എന്നതിനാൽ പാലക്കാട്, മലമ്പുഴ, ഷൊർണ്ണൂർ, ചിറ്റൂർ, തൃത്താല, തരൂർ എന്നീ നിയോജക മണ്ഡലങ്ങൾക്ക് ഫണ്ട് അനുവദിച്ചിട്ടില്ല. |
| (സി) | ഫണ്ട് അനുവദിക്കാത്ത നിയോജക മണ്ഡലങ്ങൾക്ക് കൂടി ഫണ്ട് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ; | (സി) | ജില്ലാതല ടാസ്ക് ഫോഴ്സ് കമ്മിറ്റി വിലയിരുത്തൽ നടത്തിയതിനു ശേഷം ശിപാർശ സമർപ്പിക്കുന്ന മുറയ്ക്ക് ഫണ്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |
| (ഡി) | പ്രസ്തുത ഫണ്ടിൽ പാലക്കാട് ജില്ലയ്ക്ക് എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ? | (ഡി) | 362 ലക്ഷം രൂപ. |

സെക്ഷൻ ഓഫീസർ